വരെയും മാടക്കത്തറ മുതൽ പള്ളിക്കര വരെയുമുള്ള 400 കെ.വി. ലൈൻ നിർമ്മാണവും പള്ളിക്കരയിൽ ഒരു 400 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണവും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇടമൺ മുതൽ കൊച്ചിവരെയുള്ള ലൈൻ റൂട്ടിൽ ലൈൻ വലിക്കുന്നതിനെതിരെയുള്ള എതിർപ്പുകൾമൂലം നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത ലൈൻ നിർമ്മാണം നടത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും കർഷകരുമായും ജനപ്രതിനിധികളുമായും ചർച്ചകൾ നടന്നുവരുന്നു. PGCIL ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്മേൽ, സത്വര നടപടികൾ കൈക്കൊള്ളണമെന്ന് കോടതി നിർദ്ദേശത്തിന്മേൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ആദിവാസികൾ സ്വയം ഭൂമി കണ്ടെത്തുന്ന പദ്ധതി

17 (*767) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി ലഭ്യമാക്കുന്നതിന് അവരവർ തന്നെ ഭൂമി കണ്ടെത്തുന്നതിന് 10 ലക്ഷം രൂപ നൽകുമെന്നുള്ള പദ്ധതി വൻ അഴിമതിക്ക് കളമൊരുക്കും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കാമോ ;

(സി) ഭൂമി ലഭ്യമാക്കുന്നതിന് അവരവർതന്നെ ഭൂമി കണ്ടെത്തണമെന്ന നിർദ്ദേശം, പദ്ധതി പ്രഖ്യാപനത്തിൽ തന്നെ ഒഴുങ്ങുമെന്നുള്ള പ്രസ്തുത മേഖലയിലുള്ളവരുടെ ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവരുടെ വാസസ്ഥലത്തിനടുത്ത് സൗകര്യപ്രദമായ നിലയിൽ വാസയോഗ്യവും ജലലഭ്യതയുള്ളതും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്നതിനുള്ള പദ്ധതിയാണ് 3-9-2013-ലെ സ.ഉ.

LIBRARY ARCHIVES Kerala Legislative Assembly

(എംഎസ്.) നമ്പർ 68/2013/പജപവവിവ, 23-10-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 84/13/പജപവവിവ എന്നിവ പ്രകാരം ആവിഷ്കരിച്ച നടപ്പിലാക്കിവരുന്നത്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാരെ ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി 2001-ൽ ആരംഭിച്ച ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വിവിധ ഘട്ടങ്ങളിലായി ലഭ്യമായ റവന്യൂ ഭൂമിയും നിയമതടസ്സങ്ങളില്ലാത്ത മറ്റ് സർക്കാർ വകുപ്പ്/സർക്കാർ ഏജൻസികളുടെ പക്കൽനിന്ന് ലഭ്യമായ ഭൂമിയും വിതരണം നടത്തിക്കഴിഞ്ഞു. ഇപ്രകാരം 7028 കുടുംബങ്ങൾക്ക് ആകെ 9157.94 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പുനരധിവാസത്തിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ സ്വകാര്യ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ പ്രകാരം ഏറ്റെടുക്കാൻ സർക്കാർ ശ്രമം നടത്തിയെങ്കിലും അനുയോജ്യമായ സ്വകാര്യ ഭൂമി ഒന്നിച്ച് കണ്ടെത്താൻ കഴിയാത്ത സ്ഥിതിയാണുണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് 25 സെന്റിൽ കുറയാതെയും ഒരേക്കറിൽ കവിയാതെയും കൃഷിയോഗ്യവും ജലലഭ്യതയുള്ളതും വാസയോഗ്യവുമായ സ്വകാര്യ ഭൂമി സ്വന്തം താല്പര്യപ്രകാരം കണ്ടെത്തി വിലയ്ക്കുവാങ്ങി നൽകുന്നതിന് ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പുതിയ പദ്ധതി ആവിഷ്കരിച്ചത്.

(സി) അത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, ഈ പദ്ധതിക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ സംസ്ഥാനത്ത് 139 ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 49.687 ഏക്കർ ഭൂമി ഈ പദ്ധതി പ്രകാരം വാങ്ങി നൽകിയിട്ടുണ്ട്.

ആദിവാസികൾക്കുള്ള കിടപ്പാടം പദ്ധതിയിലെ ക്രമക്കേട്

18 (*768) ശ്രീ. എം. ഹംസ :
ശ്രീ. വി. ചെന്താമരാക്ഷൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ കിടപ്പാടം ഇല്ലാത്ത ആദിവാസികൾക്ക് കിടപ്പാടം നൽകുന്ന പദ്ധതിയിൽ സാമ്പത്തിക ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ആദിവാസികൾക്ക് പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിയതായി കള്ളരേഖകൾ ചമച്ച് ഫണ്ട് വെട്ടിയ്ക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly